Draft #3 of File 85067/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Jun-2024 12:36 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം - ഡി. എൽ. ഇഡി പ്രോഗ്രാം - രണ്ടാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ( ടി. സി) ഹാജരാക്കുന്നതിനു ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5357/AC A 1/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.06.2024

---

*പരാമർശം:*-രണ്ടാം വർഷ ഡി എൽ ഇ ഡി വിദ്യാർത്ഥികൾ 08.06.2024 തീയതിയിൽ സമർപ്പിച്ച അപേക്ഷ

**<u>ഉത്തരവ്</u>**

ഡി. എൽ. ഇഡി പ്രോഗ്രാം രണ്ടാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) ലഭിക്കാനുണ്ടാകുന്ന കാലതാമസംമൂലം വിവിധ യു .ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനപ്രക്രിയയിൽ പങ്കെടുക്കാൻ കഴിയാതെ വരുന്ന സാഹചര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് അത്തരം വിദ്യാർത്ഥികളുടെ ഉപരിപഠനം സാധ്യമാക്കുന്നതിന്, സർവകലാശാല പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നത് വരെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) സമർപ്പിക്കുന്നതിന് സാവകാശം നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ടി അപേക്ഷ വൈസ് ചാൻസിലർ പരിഗണിയ്ക്കുകയും വിവിധ യു .ജി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് നിലവിൽ ഡി. എൽ. ഇഡി അവസാന സെമസ്റ്റർ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) സമർപ്പിക്കുന്നതിന് 2024-2025 അധ്യയന വർഷം പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നത് വരെ ചുവടെ ചേർക്കുന്ന നിബന്ധനകളോടെ സാവകാശം നൽകുന്നതിന് തീരുമാനിയ്ക്കുകയും ചെയ്തു.

1.ഇത്തരത്തിൽ നൽകുന്ന ഇളവ് 2024 -'25 അക്കാദമിക വർഷത്തേക്കുമാത്രമായി നിജപ്പെടുത്തുന്നു.

2.ഇത്തരത്തിൽ പ്രവേശനം ലഭിച്ച പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനാവശ്യമായ മിനിമം അറ്റന്റൻസ് അപേക്ഷകൻ തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.

3.പ്രവേശനം ക്ലോസ് ചെയ്യുന്നതിന് മുൻപായി ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) സമർപ്പിച്ചുകൊള്ളാമെന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലും, പ്രവേശനത്തിനാവശ്യമായ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മറ്റ് സാക്ഷ്യപത്രങ്ങളുടെ അസ്സൽ ലഭ്യമാക്കുന്ന മുറയ്ക്കും ഇത്തരം അപേക്ഷകർക്ക് പ്രവേശനം നൽകാവുന്നതാണ് .

4.ഇത്തരത്തിൽ നൽകപ്പെടുന്ന പ്രവേശനം തികച്ചും താൽക്കാലികമായിരിക്കുന്നതും , ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) -ന്റെ അസ്സൽ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്തുന്നതുമായിരിക്കും .

5.മേൽ പരാമർശ ഇളവുകൾക്ക് ഇതുമായി ബന്ധപ്പെട്ട സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ/ പഠന വകുപ്പുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.പി.ആർ.ഒ / എൻകയറി/ ഐ.ക്യൂ.എ .സി /ഐ.റ്റി.സെൽ 1/2
6.എ സി ബി 7/ഇന്റേണൽ ഓഡിറ്റ് 1/2 / യൂണിവേഴ്സിറ്റി വെബ് സൈറ്റ്
6.എസിസി I /എസിസി II / ആക്ഷൻ ടേക്കൺ റിപ്പോർട്ട്
7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 85067/AC A1-2/2023/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 15-Jun-2024 12:36 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം